പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 280 | 26.09.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് എത്തുന്ന കൃത്രിമ പാൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പി. ഉബൈദുള്ള** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കൃത്രിമ പാൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് സ്വകാര്യ ഡയറികൾ വഴി കൃത്രിമ പാലും പാൽ ഉല്പന്നങ്ങളും വിപണിയിൽ എത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | പാലിന്റെ ഗുണനിലവാരം മനസ്സിലാക്കുന്നതിനും മായം കലർന്ന പാലും പാൽ ഉല്പന്നങ്ങളും കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ചെക്ക് പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ ബ്രാൻഡുകളിലും ഉള്ള പാലും, പാൽ ഉൽപ്പന്നങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച് കൃത്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഓണം പോലുള്ള ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ഗുരുതര ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിതെളിക്കുന്ന കൃത്രിമ പാൽ വിപണിയിലെത്തിക്കുന്നവർക്കെതിരെകർശന നടപടി സ്വീകരിക്കുമോ? | ഡി) | കൃത്രിമപാൽ കണ്ടെത്തുന്നപക്ഷം 2006 ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുന്ന പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ